**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1473** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>മെഡിസെപ്പ് റീ-ഇംബേഴ്സ്മെന്റ്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സജി ചെറിയാൻ

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** മെഡിസെപ്പ് മുഖേനയുള്ള റീ-ഇംബേഴ്സ്മെന്റ് തുക ലഭ്യമാക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** മെഡിസെപ് പദ്ധതി സമഗ്രമായി പരിഷ്കരിയ്ക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

**(ബി)** ചെങ്ങന്നൂർ പ്രയാർ സ്വദേശിനി സാറാമ്മ പി.എം. (മെഡിസെപ്പ് ID 1078579) 2026 ഏപ്രിലിൽ മെഡിസെപ്പ് വഴി ഇൻഷ്വറൻസ് കമ്പനിക്ക് നൽകിയ റീ-ഇംബേഴ്സ്മെന്റ് അപേക്ഷയിന്മേൽ തുക ലഭ്യമാക്കുവാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

**<u>മറുപടി:</u>**

മെഡിസെപ്പിൽ എമ്പാനൽ ചെയ്ത ആശുപത്രികളിൽ നടത്തുന്ന ചികിത്സകൾക്കാണ് പണരഹിത ചികിത്സ ലഭ്യമാകുന്നതെങ്കിലും അടിയന്തര സാഹചര്യങ്ങളിൽ എമ്പാനൽ ചെയ്യാത്ത ആശുപത്രികളിൽ നടത്തുന്ന ചികിത്സകൾക്ക് ഇൻഷ്വറൻസ് കമ്പനി റി ഇംബേഴ്സ്മെന്റ് അനുവദിക്കുന്നതാണ്. രണ്ടാം ഘട്ടത്തിൽ ചുവടെ നൽകിയിട്ടുള്ള 13 അടിയന്തര സാഹചര്യങ്ങളിലെ ചികിത്സകൾക്കാണ് റീ-ഇംബേഴ്സ്മെന്റ് അനുവദിക്കുന്നത്.

ഗുരുതരമായ വാഹന അപകടങ്ങൾ (Road Traffic Accidents).

ഹൃദയാഘാതം (Cardiac arrest).

പക്ഷാഘാതം (Stroke).

വീഴ്ച മൂലമുള്ള പരിക്കുകൾ: വഴുതിവീഴുകയോ, ഉയരത്തിൽ നിന്നോ വാഹനത്തിൽ നിന്നോ വീഴുകയോ ചെയ്തതിനെ തുടർന്നുണ്ടാകുന്ന ഗുരുതരമായ പരിക്കുകൾ.

ആക്രമണം/ മൂർച്ചയില്ലാത്ത വസ്തുക്കൾ

കൊണ്ടുള്ള ആഘാതം (Blunt trauma) എന്നിവ കാരണം ഉണ്ടാകുന്ന ഗുരുതരമായ പരിക്കുകൾ.

ആശുപത്രി വാസം ആവശ്യമായി വരുന്ന രീതിയിലുള്ള മൃഗങ്ങളുടെ ആക്രമണം/പരിക്കുകൾ.

അബദ്ധത്തിൽ വെള്ളത്തിൽ മുങ്ങുക (Accidental Drowning).

അബദ്ധത്തിൽ തൂങ്ങുക (Accidental Hanging).

(Electrocution).

സൂര്യാഘാതം (Heatstroke).

ആശുപത്രി വാസം ആവശ്യമായി വരുന്ന പൊള്ളലുകൾ.

അബദ്ധത്തിൽ വിഷബാധയേൽക്കുക (Acute poisoning-Accidental).

പാമ്പുകടിയേൽക്കുക (ASV ആവശ്യമായി വരുന്നത് ) അല്ലെങ്കിൽ ആശുപത്രി വാസം ആവശ്യമായി വരുന്ന മറ്റ് അജ്ഞാത ജീവികളുടെ കടി.

ഗുണഭോക്താവ് 01.02.2026 തീയതിക്കോ അതിനുശേഷമോ എംപാനൽ ചെയ്യാത്ത ആശുപത്രിയിൽ അഡ്മിറ്റ് ആവുകയും, വിധേയമായ ചികിത്സ മുകളിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും വിഭാഗത്തിൽ ഉൾപ്പെടുന്നതുമാണെങ്കിൽ, ഡിസ്ചാർജ് ചെയ്ത തീയതി മുതൽ 30 ദിവസത്തിനകം മെഡിസെപ് പോർട്ടൽ മുഖാന്തരം റീ-ഇംബേഴ്സ്മെന്റിനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഓൺ ലൈനായി അപേക്ഷ സമർപ്പിക്കേണ്ട വിധവും മറ്റു മാർഗ്ഗനിർദ്ദേശങ്ങളും 19.06.2026 ലെ നം.26/2026/ധന.സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്.

ശ്രീമതി.സാറാമ്മ പി.എം. (മെഡിസെപ് **ID 1078579**) ന്റെ റി-ഇംബേഴ്സ്മെന്റ് അപേക്ഷ ഇത്തരത്തിൽ ലഭ്യമായതായി കാണുന്നില്ല.

**(സി)** പ്രസ്തുത വ്യക്തിയ്ക്ക് റീ-ഇംബേഴ്സ്മെന്റ് തുക എന്ന് ലഭ്യമാകുമെന്ന് വ്യക്തമാക്കുമോ?

**മറുപടി:** 19.06.2026 ലെ നം.26/2026/ധന. പരിപത്ര പ്രകാരം റി-ഇംബേഴ്സ്മെന്റ് അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് അപേക്ഷയുടെ അർഹത തുക പരിശോധിച്ച് ഇൻഷുറൻസ് കമ്പനി ക്ലെയിം അനുവദിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**

" ഭരണഭാഷ – മാതൃഭാഷ "

കേരള സർക്കാർ

നം.26/2026/ധന.

ധനകാര്യ (ഹെൽത്ത് ഇൻഷുറൻസ്) വകുപ്പ്
തിരുവനന്തപുരം
തീയതി: 19.06.2026

## പരിപത്രം

**വിഷയം:** സംസ്ഥാന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ആരോഗ്യ ഇൻഷുറൻസ് പദ്ധതി (MEDISEP) – രണ്ടാം ഘട്ടം – അടിയന്തര സാഹചര്യങ്ങളിൽ എംപാനൽ ചെയ്യാത്ത ആശുപത്രികളിൽ ലഭ്യമാക്കിയ ചികിത്സകൾക്ക് തുക റീഇംബേഴ്സ് ചെയ്യുന്നതിനുള്ള ഓൺലൈൻ അപേക്ഷാ സമർപ്പണം – മാർഗ്ഗരേഖ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

**സൂചന:** 1) സ.ഉ. (അച്ചടി) നം. 70/2022/ധന, തീയതി 23/06/2022
2) പരിപത്രം നം. 1/2024/ധന, തീയതി 05/01/2024
3) സ.ഉ. (അച്ചടി) നം. 05/2026/ധന, തീയതി 20/01/2026

സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമായുള്ള സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയായ മെഡിസെപ് – ഒന്നാം ഘട്ടം, പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം നടപ്പിലാക്കിയിട്ടുണ്ട്. മെഡിസെപ് ഒന്നാം ഘട്ടത്തിലെ അടിയന്തര ചികിത്സകളുടെ റീഇംബേഴ്സ്മെന്റ് അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള നിർദേശങ്ങൾ പരാമർശം (2) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.


സൂചന (3) ഉത്തരവ് പ്രകാരം, 01.02.2026 മുതൽ ആരംഭിച്ച മെഡിസെപ് ഇൻഷുറൻസ് പദ്ധതി – രണ്ടാം ഘട്ടത്തിലെ റീഇംപേഴ്സ്മെന്റ് വ്യവസ്ഥകളും അതിനായുള്ള ചെക്ക്ലിസ്റ്റും വിശദമായി പ്രസ്തുത ഉത്തരവിൽ അനുബന്ധം I C, I D, I E യിൽ നൽകിയിട്ടുണ്ട്. പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ചുവടെ നൽകിയിട്ടുള്ള 13 അടിയന്തര സാഹചര്യങ്ങളിലെ ചികിത്സകൾക്കാണ് എംപാനൽ ചെയ്യാത്ത ആശുപത്രികളിൽ ചികിത്സ ലഭിച്ചാൽ നിബന്ധനകൾക്ക് വിധേയമായി പാക്കേജിനനുസൃതമായി ഇൻഷുറൻസ് കമ്പനി റീഇംബേഴ്സ്മെന്റ് അനുവദിക്കുന്നത്.

1. ഗുരുതരമായ വാഹന അപകടങ്ങൾ (Road Traffic Accidents).
2. ഹൃദയാഘാതം (Cardiac arrest).
3. പക്ഷാഘാതം (Stroke).
4. വീഴ്ച മൂലമുള്ള പരിക്കുകൾ: വഴുതിവീഴുകയോ, ഉയരത്തിൽ നിന്നോ വാഹനത്തിൽ നിന്നോ വീഴുകയോ ചെയ്തതിനെ തുടർന്നുണ്ടാകുന്ന ഗുരുതരമായ പരിക്കുകൾ.
5. ആക്രമണം / മൂർച്ചയില്ലാത്ത വസ്തുക്കൾ കൊണ്ടുള്ള ആഘാതം (Blunt trauma) എന്നിവ കാരണം ഉണ്ടാകുന്ന ഗുരുതരമായ പരിക്കുകൾ.
6. ആശുപത്രി വാസം ആവശ്യമായി വരുന്ന രീതിയിലുള്ള മൃഗങ്ങളുടെ ആക്രമണം/പരിക്കുകൾ.
7. അബദ്ധത്തിൽ വെള്ളത്തിൽ മുങ്ങുക (Accidental Drowning).
8. അബദ്ധത്തിൽ തൂങ്ങുക (Accidental Hanging).


9. വൈദ്യുതാഘാതം ഏൽക്കുക (Electrocution).
10. സൂര്യാഘാതം (Heatstroke).
11. ആശുപത്രി വാസം ആവശ്യമായി വരുന്ന പൊള്ളലുകൾ.
12. അബദ്ധത്തിൽ വിഷബാധയേൽക്കുക (Acute poisoning-Accidental).
13. പാമ്പുകടിയേൽക്കുക (ASV ആവശ്യമായി വരുന്നത്) അല്ലെങ്കിൽ ആശുപത്രി വാസം ആവശ്യമായി വരുന്ന മറ്റ് അജ്ഞാത ജീവികളുടെ കടി.

ഗുണഭോക്താവ് 01.02.2026 തീയതിക്കോ അതിനുശേഷമോ എംപാനൽ ചെയ്യാത്ത ആശുപത്രിയിൽ അഡ്മിറ്റ് ആവുകയും, വിധേയമായ ചികിത്സ മുകളിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും വിഭാഗത്തിൽ ഉൾപ്പെടുന്നതുമാണെങ്കിൽ, ഡിസ്ചാർജ് ചെയ്ത തീയതി മുതൽ 30 ദിവസത്തിനകം താഴെ പറയുന്ന രീതിയിൽ മെഡിസെപ് പോർട്ടൽ മുഖാന്തരം റീഇംബേഴ്സ്മെന്റിനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്.


Step 1: Open the MEDISEP portal and select the 'MEDCARD' option.





Step 2: Choose 'BENEFICIARY' and log in using your MEDISEP ID as the username and PEN/PPO number as the password.




Step 3: Click the 'Continue' button to proceed.





Step 4: Scroll to the bottom of the page and select 'Reimbursements'.





Step 5: Click on 'Claim Submission'.



Step 6: Select 'Submit New Claim'.




Step 7: Fill in all the required claim details, upload the discharge summary, and click 'Submit'.




അപേക്ഷ സമർപ്പിച്ചു കഴിഞ്ഞാൽ ഒരു ക്ലെയിം നമ്പർ ജനറേറ്റ് ചെയ്യപ്പെടും. റീഇംബേഴ്സ്മെന്റിനു അർഹതയുള്ള പക്ഷം, സമർപ്പിക്കേണ്ട മറ്റ് അസ്സൽ രേഖകളുടെ (Original documents) വിവരങ്ങളും അവ അയക്കേണ്ട വിലാസവും അടങ്ങിയ ഇമെയിൽ സന്ദേശം അപേക്ഷകന്റെ ഇമെയിൽ ഐഡിയിലേക്ക് ലഭിക്കുന്നതുമായിരിക്കും. തുടർന്ന് രേഖകൾ പരിശോധിച്ച് അംഗീകരിക്കുന്ന പക്ഷം, ക്ലെയിം തുക ഇൻഷുറൻസ് കമ്പനി അപേക്ഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുന്നതാണ്. അർഹതയില്ലാത്ത അപേക്ഷ

നിരസിക്കുകയാണെങ്കിൽ ആയത് സംബന്ധിച്ച സന്ദേശവും ഇമെയിൽ വഴി ലഭിക്കുന്നതാണ്. റീഇംബേഴ്സ്മെന്റ് ക്ലയിമിന്റെ സ്റ്റാറ്റസ് ഗുണഭോക്താവിന്റെ ലോഗിൻ വഴി അറിയാൻ സാധിക്കുന്നതാണ്. റീഇംബേഴ്സ്മെന്റ് ക്ലയിം സംബന്ധിച്ചുള്ള സംശയങ്ങൾക്ക് ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയുടെ '1800-425-0237' എന്ന ടോൾ ഫ്രീ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

**വി. അജയകുമാർ**
**അഡീഷണൽ സെക്രട്ടറി**

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം,

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II) കേരള, തിരുവനന്തപുരം

എല്ലാ വകുപ്പ് മേധാവികൾക്കും

അഡ്വക്കറ്റ് ജനറൽ, കേരള, എറണാകുളം

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം

സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ, തിരുവനന്തപുരം

രജിസ്ട്രാർ, എല്ലാ സർവകലാശാലകൾക്കും

ബഹു. ഗവർണറുടെ സെക്രട്ടറി

ബഹു. മുഖ്യമന്ത്രിയുടേയും മറ്റ് മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ

പ്രതിപക്ഷ നേതാവിന്റേയും ഗവൺമെന്റ് ചീഫ് വിപ്പിന്റേയും പ്രൈവറ്റ് സെക്രട്ടറിമാർ

ബഹു. സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി/എക്സ്പെൻഡീച്ചർ സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി, അഡീഷണൽ

സെക്രട്ടറി/ജോയിന്റ് സെക്രട്ടറി/ഡെപ്യൂട്ടി സെക്രട്ടറി/അണ്ടർ സെക്രട്ടറിമാർ

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

പബ്ലിക് റിലേഷൻസ് വകുപ്പ്

നോഡൽ ഓഫീസർ, www.finance.kerala.gov.in

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (ഇ 3478418 )

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**